**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര ഗവ. യു.പി.എസ്., തൃക്കുന്നപ്പുഴ ഗവ. എൽ.പി.എസ്., കണിച്ചനല്ലൂർ ഗവ. എൽ.പി.എസ്., ആറാട്ടുപുഴ മംഗലം ഗവ. എച്ച്.എസ്.എസ്., എന്നീ സ്ക്കുളുകളിൽ സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹൈടെക്ക് സ്ക്കുൾ പദ്ധതി, പ്ലാൻ ഫണ്ട് എന്നിവ പ്രകാരം പുതിയ കെട്ടിനിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) | നങ്ങ്യാർകുളങ്ങര ഗവ.യു.പി. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഗവ. എൽ.പി.സ്കൂൾ, കണിച്ചനല്ലൂർ-ന് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഗവ. എൽ.പി.സ്കൂൾ, തൃക്കുന്നപ്പുഴയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ആറാട്ടുപുഴ മംഗലം ഹയർ സെക്കന്ററി സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് നിർവഹണ ഏജൻസിയായ കൈറ്റ് ടെണ്ടർ ചെയ്തുവെങ്കിലും ഗ്രൗണ്ട് നഷ്ടപ്പെടുമെന്ന സമീപവാസിയുടെ പരാതി കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുക യുണ്ടായി. തുടർന്ന്, റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം അനന്തമായി വൈകുന്നതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | നങ്ങ്യാർകുളങ്ങര ഗവ.യു.പി. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഗവ. എൽ.പി.സ്കൂൾ, കണിച്ചനല്ലൂർ-ന് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഗവ. എൽ.പി.സ്കൂൾ, തൃക്കുന്നപ്പുഴയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ആറാട്ടുപുഴ മംഗലം ഹയർ സെക്കന്ററി സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് നിർവഹണ ഏജൻസിയായ കൈറ്റ് ടെണ്ടർ ചെയ്തുവെങ്കിലും ഗ്രൗണ്ട് നഷ്ടപ്പെടുമെന്ന സമീപവാസിയുടെ പരാതി കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുക യുണ്ടായി. തുടർന്ന്, റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നങ്ങ്യാർകുളങ്ങര ഗവ.യു.പി. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഗവ. എൽ.പി.സ്കൂൾ, കണിച്ചനല്ലൂർ-ന് കെട്ടിട |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഗവ. എൽ.പി.സ്കൂൾ, തൃക്കുന്നപ്പുഴയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ആറാട്ടുപുഴ മംഗലം ഹയർ സെക്കന്ററി സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് നിർവഹണ ഏജൻസിയായ കൈറ്റ് ടെണ്ടർ ചെയ്തുവെങ്കിലും ഗ്രൗണ്ട് നഷ്ടപ്പെടുമെന്ന സമീപവാസിയുടെ പരാതി കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയുണ്ടായി. തുടർന്ന്, റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ